(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി, തൊടുപുഴ തീയതി 01.06.2017

നം.കെ.എസ്.എ.ഐഡി.കെ 10/652/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കോടിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കോടിക്കുളം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ /10/652/2017 തീയതി : 01.06.2017

# ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 23.12.2016 മുതൽ 22.5.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. എം.വി.സിനി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.05.2017മുതൽ 27.05.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബേബി സന്ധ്യ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി. മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അഭിലാഷ്.എം.കെ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ.എബി എബ്രാഹം | സീ.ഗ്രേ.ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷേർളി ആന്റണി | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.ജോസഫ് സെബാസ്റ്റ്യൻ | 01.04.2016മുതൽ 31.03.20167വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
|---|---|---|---|
| അസി.എഞ്ചിനീയർ | | ശ്രീമതി.ശ്രീകല.എം.ചന്ദ്രൻ | 01.04.2016 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | | ഡോ.കെ.കെ.ഷാജി | 01.04.2016 മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | | ശ്രീ.യു.എം.അനിൽ കുമാർ | 01.04.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി. പി.എൻ.തങ്കമണി | 01.04.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ | | ശ്രീമതി ബിന്ദു.കെ.എൽ | 01.04.2016മുതൽ 31.10.2016വരെ |
| | | ശ്രീ.രതീഷ് കുമാർ | 01.11.2016മുതൽ 22.12.2016വരെ |
| | | ശ്രീ.സിജിശങ്കർ | 23.12.2016മുതൽ 08.01.2017വരെ |
| | | ശ്രീമതി ലസീല പി.എസ് | 09.01.2017മുതൽ 31.3.2017വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.വി.പി.പുരുഷോത്തമൻ | 1.4.2016മുതൽ31.3.2017വരെ |
| മെഡിക്കൽ ഓഫീസർ | ആരോഗ്യം | ഡോ. വിജീഷ വിജയൻ | 1.4.2016 മുതൽ 31.3.2017വരെ |
| | ആയുർവേദം | ഡോ.ജോസഫ് തോമസ് | 1.4.2016 മുതൽ 31.3.2017വരെ |
| | ഹോമിയോ | ഡോ.മായാദേവി | 1.4.2016മുതൽ 31.3.2017വരെ |
| ക്ഷീര വികസന ഓഫീസർ | | ശ്രീമതി. ജാസ്മിൻ സി.എ. | 1.4.2016മുതൽ 31.3.2017വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| | | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകത | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 14 | ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ | 3-1 |
| 15 | അവശ്യസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല | 3-2 |
| 16 | തുക നല്കിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-3 |
| 17 | അംഗനവാടി കെട്ടിട നിർമ്മാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്തത് | 3-4 |
| 18 | എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് | 3-5 |
| 19 | കുടുംബശ്രീ അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നത് | 3-6 |
| 20 | കുടിവെള്ള പദ്ധതികൾ നിർമ്മാണ വേലകൾ തുടങ്ങിയിട്ടില്ല. | 3-7 |
| 21 | തെരുവ് വിളക്ക് സംബന്ധിച്ച് | 3-8 |
| 22 | അടുക്കളത്തോട്ട പച്ചക്കറികൃഷി-വിത്തും വളവും വാങ്ങിയതിന് അധിക സബ്സിഡി നല്കിയത് - നഷ്ടം ₹46455/- | 3-9 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രോജക്ട്കൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |

| | | |
|---|---|---|
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 26 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | അനുബന്ധം 1 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 26.02.2016 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 2016-17 | 16.05.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4949843 |
| വരവ് | 30211564 |
| ആകെ | 35161407 |
| ചെലവ് | 29611585 |
| നീക്കിയിരിപ്പ് | 5549822 |

## 1-5 ഫണ്ട് വിനിയോഗം (ACR) പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6166431 | 6166431 | 6166431 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1159209 | 1159209 | 1121300 | 96.73 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10086 | 10086 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3628410 | 3628410 | 1983875 | 54.68 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 2554755 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3458008 | 3458008 | 2233924 | 64.60 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1811000 | 1811000 | 910519 | 50.28 |
| എം.എൻ.ആർ.ഇ.ജി.എസ്. | 111 | 498302 | 498413 | 472475 | 94.80 |
| ബി ഫണ്ട് | 0 | 15417865 | 15417865 | 15417865 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 32726831 | 82 | 18632916 | 34 | 5 | 67.77 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ

പറയും പ്രകാരം (+) 61.35 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1623668 | 2879696 | (+)1255978 | (+) 77.35 |
| നികുതിയേതര വരവുകൾ | 340924 | 347971 | (+)7047 | (+)2.06 |
| മറ്റുവരവുകൾ | 88399 | 85064 | (-)3335 | (-)3.77 |
| ആകെ | 2052991 | 3312681 | (+)1259690 | (+)61.35 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 106920 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 1475810 | 166 |
| വിധവാപെൻഷൻ | 3388030 | 346 |
| വാർദ്ധക്യകാലപെൻഷൻ | 8898690 | 870 |
| വികലാംഗപെൻഷൻ | 1234025 | 35 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 314390 | 35 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.05.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8443/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തുന്നില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിലേക്ക് ഒടുക്കുന്ന തുകകളുടെ ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.04.2017 & 25.04.2017 | 3/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.06.2014മുതൽ 23.06.2014 വരെ | 2009-10മുതൽ 2013-14വരെ | 16.09.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

പ്രധാനനികുതിയിനമായ വസ്തുനികുതിക്ക് ഡിമാൻറ് രജിസ്റ്റർ , കുടിശ്ശികഡിമാൻറ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ആയതിനാൽ വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി കുടിശ്ശിക തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17, വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഗൾഫ് ഐഡിയൽ ഇന്റർനാഷണൽ സ്കൂളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (രജിസ്റ്റർ ക്രമ നം 35). തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ വേലകൾ

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ താഴെപറയുന്ന വേലകൾ പരിശോധിച്ചതിൽ ഗുണഭോക്തൃസമിതിക്ക് ചെലവായ തുകകളുടെ രേഖകൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ₹1630534/- ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | ബിൽനം | തുക |
|---|---|---|---|
| 1 | ചെറുതോട്ടിൻകര പാലക്കാട്ട് വണ്ടമറ്റം റോഡ് കോൺക്രീറ്റിംഗ് | 19/30.3.17 | 200000 |
| 2 | ഐരാമ്പിള്ളി ലക്ഷം വീട് കോളനിറോഡ് നം 2 | 23/29.3.17 | 150000 |
| 3 | ഏഴല്ലൂർ കപ്പിലാംചുവട് റോഡ് കോൺക്രീറ്റിംഗ് | 14/28.3.17<br>15/28.3.17 | 17000<br>278000 |
| 4 | തവിക്കല്ല് ചെരിയംപാററോഡ് പുനരുദ്ധാരണം | 17/29.3.17<br>18/29.3.17 | 265158<br>34842 |
| 5 | പള്ളിമുക്ക് പരപ്പകണ്ടം റോഡ് കോൺക്രീറ്റിംഗ് | 7/29.3.17<br>8/29.3.17 | 284046<br>51488 |
| 6 | ആനന്ദ ഭവനം തൃക്കോവിൽ അമ്പലം റോഡ് കോൺക്രീറ്റിംഗ് | 10/29.3.17 | 350000 |
| | ആകെ | | 1630534 |

## 3-2 അവശ്യ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.ചെലവ് തടസ്സം₹150000/-

| ക്രമ നം | പദ്ധതി നം & പദ്ധതി | ബിൽനം തീയതി | തുക ₹ | ഡി.ഡി.നം &തീയതി | തുക അടവാക്കിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സ കാരണം |
|---|---|---|---|---|---|---|---|
| 1 | 34/2017ഐ.എ.വൈ (ജനറൽ) | 10/2016-17 തീ. 25.02.17 | 40000 | 022080 തീയതി 08.03.17 | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഔദ്യോഗിക രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. |
| 2 | 35/2017ഐ.എ.വൈ (ജനറൽ) | 11/2016-17 തീ. 25.02.17 | 60000 | 024541 തീയതി 08.03.17 | | | |
| 3 | 119/2017 പി.എം.എ.വൈ (എസ്.സി.പി) | 12/2016-17 തീ. 25.02.17 | 50000 | 024542 തീയതി 08.03.17 | | | |
| ആകെ | | | 150000 | | | | |

തുക അടവാക്കിയ സ്ഥാപനത്തിൽ നിന്നും ഔദ്യോഗിക രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ₹150000/-യുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 മരുന്ന് വാങ്ങുന്നതിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. ₹51825/- ന്റെ ചെലവ് തടസ്സം.

| | | |
|---|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം | |
| പദ്ധതി നം | എസ്-58/2017 | |
| പദ്ധതി | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | |
| | ബിൽ നം./തീയതി | ഡി.ഡി.നം.തീയതി |
| ചെലവ് | 01/2016-17 തീ 14.10.2016 ₹200000 | 029627/19.10.2016 |
| | 05/2016-17 തീ 16.02.2017 ₹110000 | 72332/19.12.2016 |
| | 06/2016-17 തീ 20.02.2017 ₹15000 | ട്രാൻസ്ഫർ രസീത് നം. 1112-4399/31.03.2017 |
| ആകെ | 325000 | |

ആകെ ₹325000/- ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെ സൂചിപ്പിക്കും പ്രകാരം ₹273175/-യുടെ മരുന്ന് മാത്രമാണ് നാളിതുവരെ സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുള്ളത്.

| ക്രമനം | ബിൽ നം & തീയതി | തുക₹ |
|---|---|---|
| 1 | 2144 തീ 25.10.2016 | 174279 |
| 2 | 2416 തീ 03.11.2016 | 23201 |
| 3 | 2559 തീ 12.12.2016 | 2520 |
| 4 | 3093 തീ 06.01.2017 | 41635 |
| 5 | 4653 തീ 17.03.2017 | 20121 |
| 6 | 4984 തീ 31.03.2017 | 11419 |
| ആകെ | | 273175 |

നല്കിയ തുകയ്ക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹51825/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 അംഗനവാടി കെട്ടിട നിർമ്മാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും വേല തുടങ്ങിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 139/2017 |
| പദ്ധതി | പത്താം വാർഡ് ഐരാമ്പിള്ളി 39-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണത്തിന് തുക പി.ഡബ്ല്യു.ഡി യിൽ ഡെപ്പോസിറ്റ് ചെയ്യൽ |
| അടങ്കൽ | ₹50000/-(ധനകാര്യ കമ്മീഷൻ)<br>₹530000/-(ബ്ലോക്ക് ഫണ്ട്) |

| | |
|---|---|
| ബിൽ നം, തീയതി & തുക | 31/2016-17 തീ 28.03.2017 ₹50000/- |

സംസ്ഥാനത്ത് 2016-17 വർഷം 200 അംഗനവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 40% വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്ന് സാമൂഹ്യവകുപ്പിന്റെ 15.03.2017ലെ സ.ഉ.(സാധ) 148/2017 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡ് ഐരാമ്പിള്ളി 39-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണത്തിന് മേൽ പരാമർശിച്ച ബിൽ പ്രകാരം ₹50000/- പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചു. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ₹530000/- 31.03.2017 ൽ തനത് ഫണ്ടിൽ നിക്ഷേപിക്കുകയും രണ്ട് തുകയും (₹580000) കൂടി 8443-00-108-pwd- Deposit എന്ന ഹെഡിൽ അടവാക്കുന്നതിനായി 19.05.2017 ലെ 000760 നം ഡി.ഡി പ്രകാരം മാറിയിട്ടുണ്ട്. തുക ട്രഷറിയിൽ അടവാക്കിയതിന്റെ ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പൊതുമരാമത്ത് വകുപ്പുമായി കരാറിൽ ഏർപ്പെടുകയോ അംഗനവാടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയോ ചെയ്തിട്ടില്ല. നിയമാനുസൃത കരാറിലേർപ്പെട്ട് അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 എസ്.എസ്.എ വിഹിതം ഒടുക്കിയതിന് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | S0062/2017 എസ്.എസ്.എ വിഹിതം നൽകൽ |
| അടങ്കൽ | 200,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച്.എം,ജി.യു.പി.എസ്, നെടുമറ്റം |
| ബിൽ നം | 01/2016-17, തീ. 14/11/2016, തുക 200,000/- |

2016-17, വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി വിശദമായ ഇനം തിരിച്ചുള്ള പ്രൊപ്പോസലിൻമേൽ മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം ₹200,000/- എസ്.എസ്.എ ഇടുക്കി ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുക ചെലവഴിച്ചതിന്റെ യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ₹200000/- തടസ്സപ്പെടുത്തുന്നു.

## 3-6 കുടുംബശ്രീ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

കുടുംബശ്രീ യൂണിറ്റിന് വിവിധ അക്കൗണ്ടുകളിലായി ₹1611390/- ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് നമ്പർ | 31.3.17 ലെ ബാലൻസ് | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എസ്സ്.ഇ.ബി കോടിക്കുളം അക്കൗണ്ട് നം. 2848 | 882,914 | സി.ഡി എസ് |
| 2 | യൂണിയൻ ബാങ്ക് കോടിക്കുളം അക്കൗണ്ട് നം 347802010007630 | 187667 | ആശ്രയ |
| 3 | യൂണിയൻ ബാങ്ക് കോടിക്കുളം അക്കൗണ്ട് നം 347802010015075 | 500286 | ദേശിയ ഗ്രമീണ ഉപജീവന മിഷൻ (കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെൻറ്) |
| 4 | യൂണിയൻ ബാങ്ക് കോടിക്കുളം അക്കൗണ്ട് നം 347802010012359 | 25432 | കർഷക സഹായ കേന്ദ്രം (ജെ എൽ ജി) |
| 5 | യൂണിയൻ ബാങ്ക്കോടിക്കുളം അക്കൗണ്ട് നം 3478൭02010013797 | 15091 | സ്നേഹനിധി |
| | ആകെ | 1611390 | |

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കുടിവെള്ള പദ്ധതികൾ -നിർമ്മാണ വേലകൾ തുടങ്ങിയിട്ടില്ല

| നിർവ്വഹണം | സെക്രട്ടറി | |
|---|---|---|
| പദ്ധതി നം | 116/2017 | 42/2017 |
| പദ്ധതി | പത്താം വാർഡ് ഐരാമ്പിള്ളി 40-ാം) നമ്പർ അംഗനവാടിക്ക് കുടിവെള്ള കണക്ഷൻ | വെള്ളച്ചിറ എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | ₹15000/-(റോഡിതരം) | ₹232100/- (എസ്.സി.പി ഫണ്ട്) |

| | | |
|---|---|---|
| ബിൽ നം, തീയതി & തുക | 15/2016-17 തീ 20.02.2017 ₹15000/- | 18/2016-17 തീ 27.02.2017 ₹232100/- |
| ഡി.ഡി നം തീയതി | 003704 തീ 04.03.2017 | 003703 തീ 04.03.2017 |

മേൽ പരാമർശിത പദ്ധതികൾക്കായി ₹247100/- ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തും ജലഅതോറിറ്റിയുമായി ചമച്ച കരാർ പ്രകാരം നിർമ്മാണവേല 30.06.2017 നകം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പദ്ധതികളുടെ നിർമ്മാണ വേല നാളിതുവരെയും തുടങ്ങിയിട്ടില്ല. പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ തൻവർഷം 4/16മാസം മുതൽ 3/17 വരെ ₹19183/- നിരക്കിൽ ₹230196/- കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുന്നുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/ 12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 അടുക്കളത്തോട്ട പച്ചക്കറികൃഷി-വിത്തും വളവും വാങ്ങിയതിന് അധിക സബ്സിഡി നല്കിയത് - നഷ്ടം ₹46455/-

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം | എസ്-71/2017 |
| പദ്ധതി | അടുക്കളത്തോട്ട പച്ചക്കറികൃഷി |
| അടങ്കൽ | വികസന ഫണ്ട് ₹200000/-<br>ഗുണഭോക്തൃ വിഹിതം ₹285000/- |
| ബിൽ നം, തീയതി & തുക | 3/2016-17 തീ 04.03.2017 ₹ 10000/-<br>6/2016-17 തീ 29.03.2017 ₹ 190000/- |

ഗ്രാമപഞ്ചായത്തിലെ 190 ഗുണഭോക്താക്കൾക്ക് അടുക്കള പച്ചക്കറി കൃഷിക്കായി നിലമൊരുക്കൽ, വിത്ത്, വളം, പരിശീലനം എന്നീ ഇനങ്ങളിൽ ധനസഹായം നൽകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്.

പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെ പരാമർശിക്കുന്നു.

| ഇനം | വികസന ഫണ്ട് ₹ | ഗുണഭോക്തൃ വിഹിതം₹ | ആകെ ₹ |
|---|---|---|---|
| കൃഷിക്കായി നിലം ഒരുക്കൽ | | 285000 | 285000 |
| വിത്ത്, ജൈവവളം വിതരണം | 190000 | | 190000 |
| പരിശീലനം | 10000 | | 10000 |
| ആകെ | 200000 | 285000 | 485000 |

ഗുണഭോക്താവ് സ്വന്തം ചെലവിൽ നിലമൊരുക്കിയതിന്റെ വൗച്ചറുകൾ ഫയലിൽ ലഭ്യമാണ്. എന്നാൽ വിത്തും വളവും വാങ്ങിയതിന് താഴെ പരാമർശിക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഇനം | സ്ഥാപനം | വില ₹ | അളവ് | ആകെ തുക₹ | ബിൽ നം തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| വിത്ത് | ആലത്തൂർ വി.എഫ്.പി.സി.കെ | 110 | 190 | 20900 | 2409/16-17 തീ 02.02.2017 | 190 ഗുണഭോക്താക്കൾ |
| വളം | കേരളാ അഗ്രോ ഇൻസസ്ട്രീയസ് | 890 | 190 | 169100 | വൈ 141/2016-17 മുതൽ 289/2016-17 വരെ തീ 28.02.2017 | 149 ഗുണഭോക്താക്കൾ |
| | | | | | വൈ 434/2016-17 മുതൽ 463/2016-17 വരെ തീ 16.03.2017 | 30 ഗുണഭോക്താക്കൾ |
| | | | | | വൈ 488/2016-17 മുതൽ 498/2016-17 വരെ തീ 28.02.2017 | 11 ഗുണഭോക്താക്കൾ |
| ആകെ | | | | 190000 | | |

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 11.01.2016 ലെ സ.ഉ. (കൈ) 4/2016 ഖണ്ഡിക 3.1 ലെ നിർദ്ദേശാനുസരണം വിത്തിന് 80%വും വളത്തിന് 75% വും മാത്രമേ ധനസഹായം നൽകുവാൻ അനുവാദമുള്ളൂ. ഉത്തരവിലെ

നിർദ്ദേശാനുസരണം താഴെ പരാമർശിക്കും പ്രകാരം മാത്രമാണ് ധനസഹായം അനുവദിക്കേണ്ടത്.

| ഇനം | നല്കിയ ആകെ തുക ₹ | ഉത്തരവ് പ്രകാരം നൽകേണ്ട തുക ₹ | അധികം നൽകിയത തുക ₹ |
|---|---|---|---|
| വിത്ത് | 20900 | 16720 | 4180 |
| വളം | 169100 | 126825 | 42275 |
| ആകെ | 190000 | 143545 | 46455 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി മുഴുവൻ തുകയും ധനസഹായമായി നൽകിയതിനാൽ ₹46455/- യുടെ നഷ്ടം വികസനഫണ്ടിനുണ്ടായിട്ടുണ്ട്. ഇതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് 26.05.2017 ൽ 7-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ₹46455/- നഷ്ടം ഈടാക്കി വികസനഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് | 139/2017 പത്താം വാർഡ് ഐരാമ്പിള്ളി 39-ാം) നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം | ഡി.ഡി നം 000760 , തീ 19.05.2017 | 50000 | - | 50000 |
| കേരള ജല അതോറിറ്റി | 16/2017 പത്താം വാർഡ് ഐരാമ്പിള്ളി 40-ാം) നമ്പർ അംഗനവാടിക്ക് കുടിവെള്ള കണക്ഷൻ | ഡി.ഡി നം 003704 തീ 04.03.2017 | 15000 | - | 15000 |

| | | | | | |
|---|---|---|---|---|---|
| | 42/2017, വെള്ളച്ചിറ എസ്.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | ഡി.ഡി നം 003703 തീ 04.03.2017 | 232100 | - | 232100 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹2900/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2009-10 | 3-5 | 1000 | ശ്രീമതി. പ്രീതി ശ്രീജിത്ത്, പ്രസിഡന്റ് | 11601100597/29.7.2016 |
| 2009-10 | 3-7 | 1900 | -ടി- | |
| | ആകെ | 2900 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 34 | 1999-2000 | IV-25 | ഏഴല്ലൂർ ഹരിജൻകോളനി ശുദ്ധജല വിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30211564 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29611585 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46455 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2032359 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3.9 | | 46455 | ശ്രീ. യു.എം അനിൽകുമാർ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1630534 | ശ്രീകല.എം.ചന്ദ്രൻ, എ.ഇ |
| 3-2 | 150000 | ശ്രീമതി.ലസീല.പി.എസ്, വി.ഇ.ഒ |
| 3-3 | 51825 | ഡോ.ജോസഫ് തോമസ് മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-5 | 200000 | ശ്രീ.വി.പി.പുരുഷോത്തമൻ, ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. യു.എം അനിൽകുമാർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കോടിക്കുളം ഗ്രാമപഞ്ചായത്ത് | ഉറുമ്പിൽ വീട് കുവക്കണ്ടം പി.ഒ പൂമാല ഇടുക്കി ജില്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽ.എഫ്.ഐ.-6-583/96/21-10-96 |
| 1981-82 | എൽ.എഫ്.ഐ.-6-583/9/21-10-96 |
| 1982-83 | എൽ.എഫ്.ഐ.-6-583/96/21-10-96 |
| 1983-84 | എൽ.എഫ്.ഐ- 6-583/96/21-10-96 |
| 1984-85 | എൽ.എഫ്.ഐ.- 6-583/96/21-10-96 |
| 1987-88 | എൽ.എഫ്.ഐ.-7-564/92/17-07-1992 |
| 1988-89& 1989-90 | എൽ.എഫ്.ഐ.-7-880/93/17-06-1993 |
| 1990-91& 1991-92 | എൽ.എഫ്.ഐ.-7-379/94/10-11-1994 |
| 1992-93 | എൽ.എഫ്.ഐ.-7- 288/95/22-04-1996 |
| 1993-94 & 1994-95 | എൽ.എഫ്.ഐ.-7- 426/97/09-02-1998 |
| 1995-96 | എൽ.എഫ്.ഐ.-7-476/99/20--11-1998 |
| 1996-97 | എൽ.എഫ്.ഐ.-7-492/99/10-02-1999 |
| 1997-98 | എൽ.എഫ്.ഐ.-7-725/99/20-04-2000 |
| 1998-99 | എൽ.എഫ്.ഐ.-7-437/01/03-11-2001 |
| 1999-2000 | എൽ.എഫ്.ഐ.-7-254/02/04-07-2002 |
| 2000-01 | എൽ.എഫ്.ഐ.-7-124/07/17-03-2003 |

| | |
|---|---|
| 2001-02 | എൽ.എഫ്.ഐ.-9-16/05/25-08-2005 |
| 2002-03 | എൽ.എഫ്.ഐ.-9-24/06/06-05-2006 |
| 2003-04 | എൽ.എഫ്.ഐ.-9-578/06/27-11-2006 |
| 2004-05 | എൽ.എഫ്.ഐ.-9-600/08/18-06-2008 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09/01-10-2009 |
| 2006-07 | എൽ.എഫ്.ഐ.-9-165/10/03-01-2011 |
| 2007-08 | എൽ.എഫ്.ഐ.-14-207/11/15-10-2011 |
| 2008-09 | എൽ.എഫ്.ഐ.-14-236/12/06-08-2012 |
| 2009-10 | എൽ.എഫ്.ഐ.-14-1360/12/07-03-2013 |
| 2010-11 | എൽ.എഫ്.ഐ.-14-463/13/19-08-2013 |
| 2011-12 | എൽ.എഫ്.ഐ.-14-237/14/03-06-2014 |
| 2012-13&13-14 | എൽ.എഫ്.ഐ. 10/421/2015/തീയതി 14.07.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.-10/814 /2016/22.6.2016 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.-10/1710/2016/7.1.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.ഐ.ഡി.കെ 10/652 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി 01.06.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

KSAIDK/10/652/2017

Kerala State Audit Department
District Audit Office,
Idukki, Thodupuzha

Dated: 01.06.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KODIKULAM Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Sn4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of KODIKULAM Grama Panchayat for the year 2016-17 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR